ഹദീസ്

സ്വലാഹ് നജീബ്

# സകാത്തുൽ ഫിത്വ്‌റിന്റെ പൊരുൾ

عَنْ ابْنِ عَبَّاسٍ قَالَ: فَرَضَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ زَكَاةَ الْفِطْرِ طُهْرَةً لِلصَّائِمِ مِنْ اللَّغْوِ وَالرَّفَثِ وَطُعْمَةً لِلْمَسَاكِينِ مَنْ أَدَّاهَا قَبْلَ الصَّلاةِ فَهِيَ زَكَاةٌ مَقْبُولَةٌ وَمَنْ أَدَّاهَا بَعْدَ الصَّلاةِ فَهِيَ صَدَقَةٌ مِنْ الصَّدَقَاتِ

**ഇബ്നു അബ്ബാസ് പറയുന്നു; നോമ്പുകാരന് അധർമത്തിൽനിന്നും അനാവശ്യ സംസാരത്തിൽനിന്നുമുള്ള ശുദ്ധീകരണവും അഗതിക്ക് ആഹാരവുമായി നബി (സ) സകാത്തുൽ ഫിത്വ്ർ നിർബന്ധമാക്കിയിരിക്കുന്നു. നമസ്കാരത്തിന് മുമ്പ് അത് നൽകിയാൽ സ്വീകാര്യമായ സകാത്താണ്. നമസ്കാരത്തിന് ശേഷമാണ് നൽകുന്നതെങ്കിൽ ദാനങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടും (അബൂദാവൂദ്).**

പട്ടിണിയുടെ പരിഹാരം ആത്മീയതയുടെയും ആഘോഷത്തിന്റെയും ഭാഗമാക്കിയ ദർശനമാണ് ഇസ്‌ലാം. വ്യക്തിയുടെ ജീവിതം മാലിന്യങ്ങളിൽനിന്ന് മുക്തമാകണം, ആരാധനകൾ കേടുപാടുകൾ തീർത്ത് അല്ലാഹുവിലേക്ക് ഉയരണം, ആഘോഷങ്ങൾ അർഥവത്തായി മാറണം. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പ്രധാന വഴികളിൽ ഒന്ന്, പട്ടിണി കിടക്കുന്നവന്റെ വേദനകളറിയുകയും വിശപ്പ് മാറ്റിക്കൊടുക്കുകയുമാണ്. പാതിരാവുകളിൽ പ്രാർഥനാനിരതരാവുന്നതോടൊപ്പം പട്ടിണി പരിഹരിക്കുന്നതിലും ആത്മീയതയുടെ നിറവുണ്ടെന്ന് മുഹമ്മദ് നബി (സ) പഠിപ്പിച്ചതായി അബ്ദുല്ലാഹിബ്നു അബ്ബാസ് വിവരിക്കുകയാണ് ഈ ഹദീസിൽ.

നോമ്പ് അവസാനിപ്പിച്ചുകൊണ്ടുള്ള അന്നദാനമാണ് (സകാത്തുൽ ഫിത്വ്ർ) ഇതിലെ പ്രതിപാദ്യം. ഒരു മാസത്തെ വ്രതാനുഷ്ഠാനത്തിന്റെ പരിസമാപ്തിയിൽ ഒരു ആഘോഷം വരുന്നു; ഈദുൽ ഫിത്വ്ർ. രണ്ട് കാര്യങ്ങളിലൂടെയാണ് ആ ആഘോഷം തുടങ്ങേണ്ടത്. ഒന്ന്, ദൈവമഹത്വത്തിന്റെ പ്രഘോഷണം. രണ്ട്, പട്ടിണിയുടെ ദൂരീകരണം. ശവ്വാൽ പിറ കാണുമ്പോൾ, ആദ്യമുയരുന്നത് അല്ലാഹു അക്ബർ എന്ന ധ്വനിയാണ്. സാക്ഷാൽ ദൈവത്തെ വാഴ്ത്തി, ഭക്തിയും വിനയവും സന്തോഷവും പ്രകടിപ്പിക്കുന്നു സത്യവിശ്വാസി. ഇത് ഇസ്‌ലാമിക ആത്മീയതയുടെ ഒരു വശമാണ്. അത് കഴിഞ്ഞാലുടൻ ഭക്ഷണത്തിനുള്ള ധാന്യപ്പൊതികളുമായി അവർ വിശക്കുന്നവനെ തേടിയിറങ്ങുകയായി. അന്നാളിൽ ഒരാളും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയാണ് ലക്ഷ്യം. റമദാൻ വ്രതത്തിലുടെയും പ്രാർഥനകളിലൂടെയും അല്ലാഹുവിലേക്ക് അടുത്ത്, വ്യക്തിവിജയത്തിന്റെ പടികൾ കയറിയവർ, തൊട്ടുടനെ തങ്ങളിലർപ്പിതമായ സാമൂഹിക ഉത്തരവാദിത്തം നിർവഹിക്കാനും ഉത്സുകരാവുകയാണ് ഇതിലൂടെ. ദൈവത്തിലേക്ക് മുഖം തിരിച്ചവൻ, മനുഷ്യന്റെ കൈ പിടിക്കുക കൂടി ചെയ്യുന്നതാണ് ഇസ്‌ലാമെന്ന് ഇവിടെ നാം അനുഭവിച്ചറിയുന്നു. വിശന്നിരിക്കുന്ന വയറുകളിൽ അന്നം നിറയ്ക്കാത്ത ആരാധനകൾ ആത്മീയശൂന്യമാണെന്ന് ഫിത്വ്ർ സകാത്ത് നമ്മെ പഠിപ്പിക്കുന്നു.

രണ്ട് ലക്ഷ്യങ്ങൾ ഫിത്വ്ർ സകാത്തിന് ഉള്ളതായാണ് ഈ ഹദീസിൽനിന്ന് മനസ്സിലാകുന്നത്. നോമ്പിനെ ബാധിച്ച കെടുതികൾക്ക് പരിഹാരം. ആരാധനകൾ പരിപൂർണമാകണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു, അതേസമയം മനുഷ്യന്റെ ദൗർബല്യങ്ങൾ അവൻ മനസ്സിലാക്കുകയും ചെയ്യുന്നു. നോമ്പിൽ വല്ല അധർമമോ (റഫസ്), അനാവശ്യമോ (ലഗ്‌വ്) സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള കാരുണ്യം കൂടി അല്ലാഹു കാണിക്കുന്നു, അതിനായി വിശന്നിരിക്കുന്നവന് ഭക്ഷണം കൊടുത്താൽ മതിയെന്ന് പറയുന്നു. നമസ്കാരത്തിൽ മറവി സംഭവിച്ചാൽ സഹ്‌വിന്റെ സുജൂദ് നിശ്ചയിച്ചതു പോലെയാണിത്. മാത്രമല്ല, തന്നോടുള്ള ബാധ്യതയിലെ വീഴ്ചക്ക് പരിഹാരമായി, തന്റെ അടിമയുടെ പ്രയാസം നീക്കിയാൽ മതിയെന്ന് പറയുന്ന അല്ലാഹുവിന്റെ ദയാവായ്പ്പ് എത്രമേൽ അപാരമാണ്! അഗതികൾക്ക് ആഹാരമാണ് (തുഅ്മത്തൻ ലിൽ മസാകീൻ) അതെന്ന് രണ്ടാമത്തെ ലക്ഷ്യമായി പഠിപ്പിക്കുന്നു.

ഈദ് നമസ്കാരത്തിന്റെ മുമ്പാ

ണ് സകാത്തുൽ ഫിത്വ്ർ നൽകേണ്ടത്, അപ്പോഴാണത് സകാത്താകുന്നത്. അതിനു ശേഷം നൽകുന്നത് കേവലം ദാനമായി പരിഗണിക്കപ്പെടും. എന്നാൽ ഈദ് ദിനത്തിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് അത് നൽകാമെന്ന് ഹദീസുകളിൽനിന്ന് മനസ്സിലാക്കാം. അബ്ദുല്ലാഹിബ്നു ഉമറിന്റെ റിപ്പോർട്ടുകളിൽ പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് അത് നൽകിയതായി വന്നിട്ടുണ്ട് (ബുഖാരി 1432, മുസ്‌ലിം 22 - 986, തിർമിദി 677). കുട്ടികൾക്കും മുതിർന്നവർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും ഫിത്വ്ർ സകാത്ത് നൽകാൻ ബാധ്യതയുണ്ട്. ഭക്ഷ്യധാന്യങ്ങളാണ് നൽകേണ്ടത്. നബിയുടെ കാലത്ത് കാരക്ക, ബാർലി, ഗോതമ്പ്, പാൽക്കട്ടി തുടങ്ങിയവയൊക്കെ ഫിത്വ്ർ സകാത്തായി നൽകിയിരുന്നുവെന്ന് ഇബ്നു ഉമർ, അബ്ദുല്ലാഹിബ്നു സഅലബ, അബൂസഈദുൽ ഖുദ്‌രി തുടങ്ങിയവർ നിവേദനം ചെയ്ത ഹദീസുകളിൽ കാണാം. ഓരോ ദേശത്തും അവിടത്തെ മുഖ്യ ഭക്ഷ്യധാന്യങ്ങളാണ് നൽകേണ്ടതെന്ന് പണ്ഡിതന്മാർ പറയുന്നു. അതാണ് സാധ്യവും യുക്തിപൂർവകവുമായിട്ടുള്ളത്. ഹദീസുകളെ സ്ഥലകാലബോധത്തോടെ ആശയങ്ങളിൽ വായിക്കുന്നതിന്റെ ചെറിയ ഉദാഹരണങ്ങളിലൊന്നാണിത്. ഈ ഹദീസുകളെ അപ്പടി അക്ഷരങ്ങളിൽ പിന്തുടരുകയാണെങ്കിൽ നാം കാരക്കയും പാൽക്കട്ടിയും ഫിത്വ്ർ സകാത്തായി കൊടുക്കേണ്ടിവരും! ഒരു പ്രദേശത്ത് മുഖ്യധാന്യം ലഭ്യമല്ലാത്ത സന്ദർഭത്തിൽ ലഭ്യമായ മറ്റു ഭക്ഷ്യധാന്യങ്ങൾ നൽകാം. അപ്രകാരം, അർഹരായവർ കുറഞ്ഞ ഒരു പ്രദേശത്തു നിന്ന് അർഹതയുള്ളവർ കൂടുതലുള്ള പ്രദേശങ്ങളിലേക്ക് സകാത്തുൽ ഫിത്വ്ർ മാറ്റാമെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ●